# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

ജി 3-18975/12

തിയതി: 02/03/2018

**<u>സർക്കുലർ നമ്പർ : 40 /2017-18</u>**

വിഷയം: കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ,2017-18 ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പ്രകാരം അൺഅറ്റാച്ചഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ ആനുകൂല്യ ഭേദഗതി - സംബന്ധിച്ച്.

സൂചന : 1) 03.01.2018 ലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച് 3/69/2017/തൊഴിൽ നമ്പർ കത്ത്.

2) K.H.W.( Pension and RTB) Regulations -1997.

കേരള ചുടമട്ടുതൊഴിലാളി ക്ഷേമബോർഡ്, അൺഅറ്റാച്ചഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ സൂചന (1) പ്രകാരം 03.01.2018 തീയതി മുതൽ പ്രാബല്യത്തിൽ താഴെ പറയും വിധത്തിൽ ഭേദഗതി നടപ്പിലാക്കുവാൻ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**<u>ഭേദഗതി</u>**

1. **<u>കേരള ഹെഡ് ലോഡ് വർക്കേഴ്സ് (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനഫിറ്റ്സ്) റെഗുലേഷൻസ്,1997 അദ്ധ്യായം 6, ഖണ്ഡിക 7, 1( എ).</u>**

   സർക്കാർ കാലാകാലങ്ങളിൽ മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്നതിനുസരിച്ച് അൺഅറ്റാച്ചഡ് വിഭാഗം തൊഴിലാളികളുടെ മിനിമം പെൻഷനിൽ വർദ്ധനവ് വരുന്നതും ആയതിന് തുല്യമായ തുക മിനിമം പെൻഷനിൽ കൂടുതൽ കൈപ്പറ്റുന്നവർക്കും ലഭിക്കുന്നതാണെന്നും ചേർക്കേണ്ടതാണ്.

**<u>2. അദ്ധ്യായം 7, ഖണ്ഡിക 8 (4)</u>**

നിലവിൽ പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ (ഭാര്യ/ ഭർത്താവ്) മരണപ്പെട്ടാൽ ആശ്രിതന് (ഭാര്യ /ഭർത്താവ്) *10 വർഷം* എന്നത് ഒഴിവാക്കി *ആജീവനാന്തം* അല്ലെങ്കിൽ പുനർവിവാഹം വരെ ഫാമിലി പെൻഷൻ എന്നാക്കേണ്ടതാണ്.

- പെൻഷൻ ആനുകൂല്യങ്ങളിൽ മേൽ പ്രതിപാദിച്ച ഭേദഗതികൾ മാത്രമാണ് മാറ്റിയിട്ടുള്ളത്.
- ഭേദഗതിയുടെ പൂർണ്ണരൂപം, വ്യവസ്ഥകൾ എന്നിവ എല്ലാവരുടേയും ശ്രദ്ധയിൽ പെടുത്തുന്നതിന് അതാത് കമ്മിറ്റി ചെയർമാൻമാർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഈ സർക്കുലർ കമ്മിറ്റി ആഫീസിൽ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് മടക്ക തപാലിൽ കമ്മിറ്റി ചെയർമാൻ അയച്ചു തരേണ്ടതാണ്.

ഒപ്പ്

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻ , കൺവീനർ,
അക്കൗണ്ട്സ് ഓഫീസർ, ജൂനിയർ സൂപ്രണ്ടുമാർക്കും.
സെക്രട്ടറി, ഫിനാൻസ് ഓഫീസർ,
അക്കൗണ്ട്സ് ഓഫീസർ (ഐ.എ), (ഡബ്ലിയു.& ഇ) (പി &എ)
വെബ് അഡ്മിനിസ്ട്രേറ്റർ

<u>പകർപ്പ്</u>

ബോർഡിലെ എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്